**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** **28-01-2026 - ൽ മറുപടിയ്ക്ക്**

**ശബരിമല തീർത്ഥാടനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച തീർത്ഥാടനാനുഭവം നൽകുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യത്തിലെത്തിയിട്ടുണ്ടോ; ഈ സീസണിൽ തീർത്ഥാടകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2025-26 ലെ ശബരിമല തീർത്ഥാടന കാലം പരാതി രഹിതമായി പൂർത്തീകരിച്ചിട്ടുള്ളതും സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൃത്യമായ ഏകോപനം മൂലം ശബരിമല ദർശനത്തിനായി എത്തിച്ചേർന്ന അയ്യപ്പഭക്തർക്ക് ഏറ്റവും മികച്ച തീർത്ഥാടനാനുഭവം തന്നെ നൽകുവാൻ സാധിച്ചിട്ടുള്ളതുമാണ്.<br><br>ശബരിമലയിൽ ദർശനം നടത്തിയ തീർത്ഥാടകരുടെ എണ്ണം മുൻ വർഷങ്ങളിലെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. 2024-25 വർഷത്തെ തീർത്ഥാടനകാലത്ത് 53,09,906 പേർ തീർത്ഥാടനം നടത്തിയ സ്ഥാനത്ത് 2025-26 വർഷം 54,40,289 പേർ തീർത്ഥാടനം നടത്തിയിട്ടുണ്ട്. 1,30,383 തീർത്ഥാടകരുടെ വർദ്ധനവാണ് മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുള്ളത്. 21.12.2025 മുതൽ ഒന്നിടവിട്ട ദിവസങ്ങളിൽ ശബരിമലയിൽ ഏർപ്പെടുത്തിയ ഉച്ച സമയത്തെ അന്നദാനത്തിൽ സദ്യ ഏർപ്പെടുത്തിയിരുന്നു. |
| (ബി) | കാനന പാതയിലൂടെ സന്നിധാനത്തേക്ക് എത്തുന്ന ഭക്തരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഈ രീതിയിൽ എത്തുന്നവരുടെ സുരക്ഷയ്ക്കും സുഗമമായ സഞ്ചാരത്തിനും എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | കാനനപാതയിലൂടെ എത്തിച്ചേർന്ന തീർത്ഥാടകരുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കാനനപാതകളിലൂടെ സന്നിധാനത്തേക്ക് എത്തുന്നവരുടെ സുരക്ഷയ്ക്കും സുഗമമായ സഞ്ചാരത്തിനുമായി സ്വീകരിച്ച ക്രമീകരണങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഭക്തരുടെ സുരക്ഷയ്ക്കും സുഗമമായ തീർത്ഥാടനത്തിനുമായി കാനനപാതകളിൽ വനംവകുപ്പ് ജീവനക്കാരെയും |

ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഇക്കോ-ഗാർഡുകളെയും ചുമതലപ്പെടുത്തിയിരുന്നു. പ്രത്യേക പരിശീലനം ലഭിച്ച സ്നേക്ക് റെസ്ക്യൂ വിഭാഗവും എലിഫന്റ് സ്ക്വാഡും ഈ സംഘത്തിൽ ഉൾപ്പെട്ടിരുന്നു. ഉദ്യോഗസ്ഥരും ഇക്കോ ഗാർഡുകളും പാതയിലുടനീളം സജീവമായി നിലയുറപ്പിച്ചതിനാൽ മനുഷ്യ-വന്യജീവി സംഘർഷം പൂർണ്ണമായും ഒഴിവാക്കാൻ സാധിച്ചു. പാതയിലുടനീളം സ്ഥാപിച്ച സി.സി.ടി.വി, റിയൽ ടൈം മോണിറ്ററിംഗ് ക്യാമറകൾ എന്നിവ വഴി വന്യജീവികളുടെ സാന്നിധ്യം അറിയുന്നത് കൂടുതൽ സഹായകരമായിട്ടുണ്ട്. ഭക്തർക്ക് ആവശ്യമായ നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകുന്നതിനായി മുക്കുഴിയിലും അഴുതക്കടവിലും ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിച്ചിരുന്നു. ഭക്തരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശബരിമല മണ്ഡല-മകരവിളക്ക് സീസണിന് മുന്നോടിയായി അറുപത്തിയൊന്ന് കാട്ടുപന്നികളെ പമ്പയിൽനിന്നും സുരക്ഷിതമായി മാറ്റിപ്പാർപ്പിച്ചിരുന്നു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ഒഴിവാക്കുന്നതിന്റെ ഭാഗമായി തീർത്ഥാടന കാലത്ത് 232 സ്നേക്ക് റെസ്ക്യൂകൾ നടത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ കാനനപാതയിൽ 6 എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിച്ചു. ഇതിലൂടെ ശാരീരിക അസ്വസ്ഥതകൾ അനുഭവിച്ച അയ്യപ്പ ഭക്തർക്ക് അടിയന്തര ചികിത്സയും ആവശ്യമായ ആശ്വാസവും നൽകാൻ സാധിച്ചു. കാനനപാതയിൽ ആരോഗ്യപ്രശ്നങ്ങൾ അനുഭവിച്ച 233 അയ്യപ്പ ഭക്തരെ സ്ട്രക്ചറിൽ ചുമന്ന് ആശുപത്രികളിലെത്തിച്ചു. മകരവിളക്ക് കാലയളവിൽ വലിയാനവട്ടത്ത് വനംവകുപ്പ് സജ്ജികരിച്ച പ്രത്യേക മെഡിക്കൽ ക്യാമ്പിൽ 9,000 ഭക്തർക്ക് ചികിത്സ നൽകിയിരുന്നു. പമ്പ -ശബരിമല പാതയിൽ പ്രവർത്തിച്ച ആമ്പുലൻസ് സർവ്വീസ് ആരോഗ്യ പ്രശ്നങ്ങൾ നേരിട്ട ഭക്തരുടെ ജീവൻ രക്ഷിക്കാൻ സഹായകമായി. ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളുടെ സേവനകേന്ദ്രങ്ങളും ഇക്കോ ഷോപ്പുകളും വഴി അയ്യപ്പഭക്തർക്ക് കാനനപാതകളിൽ പ്രകൃതി സൗഹാർദ്ദ വിശ്രമ സൗകര്യങ്ങൾ, ഭക്ഷണം, ടോയ്‌ലറ്റ് സംവിധാനങ്ങൾ എന്നിവ ലഭ്യമാക്കിയിരുന്നു. കൂടാതെ താവളങ്ങളിൽ സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ച് സേവനകേന്ദ്രങ്ങളിൽ രാത്രികാലങ്ങളിൽ താമസിക്കുന്ന അയ്യപ്പ ഭക്തരുടെ സുരക്ഷ ഉറപ്പാക്കുവാൻ സാധിച്ചു. കാനനപാതകളിലും ശബരിമലയിലുമായി പ്രവർത്തനങ്ങൾ

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിന് പമ്പയിലും സന്നിധാനത്തും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിപ്പിച്ചിരുന്നു. കൂടാതെ മകരജ്യോതി ദർശനത്തിനെത്തിയ ഭക്തർക്കായി പുല്ലുമേട്, പാഞ്ചാലിമേട്, പരുന്തുംപാറ എന്നിവിടങ്ങളിൽ കുടിവെള്ളം, ഭക്ഷണം, താല്കാലിക ടോയ്‌ലറ്റ്, ആമ്പുലൻസോടുകൂടിയ മെഡിക്കൽ സൗകര്യം, കെ.എസ്.ആർ.ടി.സി. സ്പെഷ്യൽ സർവ്വീസുകൾ എന്നിവ ഏർപ്പെടുത്തിയിരുന്നു. |
| (സി) | മണ്ഡല പൂജയ്ക്കെത്തുന്ന മുഴുവൻ തീർത്ഥാടകർക്കും സുഗമമായ ദർശനം ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | സർക്കാരിന്റെ നേതൃത്വത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൃത്യവും ചിട്ടയുമായ ഏകോപനം മൂലം ശബരിമല ദർശനത്തിന് എത്തിയ എല്ലാ തീർത്ഥാടകർക്കും സുഗമമായ ദർശനം ഉറപ്പ് വരുത്തുന്നത് സാധ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>കൂടാതെ മകരവിളക്ക് ദിവസം മകരജ്യോതി ദർശനത്തിന് ശേഷം ഉണ്ടാകുന്ന കനത്തതിരക്ക് നിയന്ത്രിക്കുന്നതിന് കൃത്യമായ എക്സിറ്റ് പ്ലാനുകൾ തയ്യാറാക്കി നടപ്പിലാക്കിയതിലൂടെ ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാരെ യാതൊരു പരാതിക്കും ഇടനൽകാതെ സുരക്ഷിതമായി തിരിച്ചയയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 54 ലക്ഷത്തോളം അയ്യപ്പഭക്തർ ദർശനം നടത്തിയ ഈ സീസൺ മുൻകാലങ്ങളിൽ നിന്നെല്ലാം അപേക്ഷിച്ച് യാതൊരു പരാതിയ്ക്കും ഇടനൽകാതെ സുഗമമായാണ് പര്യവസാനിച്ചത്. 21.12.2025 മുതൽ ഒന്നിടവിട്ട ദിവസങ്ങളിൽ ശബരിമലയിൽ ഏർപ്പെടുത്തിയ ഉച്ച സമയത്തെ അന്നദാനത്തിൽ സദ്യ ഏർപ്പെടുത്തിയിരുന്നു. കൂടാതെ അടുത്ത വർഷത്തെ തീർത്ഥാടനം സുഗമമാക്കുന്നതിന് ഉത്സവ മാന്വൽ തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ദേവസ്വം ബോർഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ